LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതി തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ അഭിപ്രായം സ്വരൂപിക്കുന്നതിനായി ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നിരുന്നു. തുടർന്ന് ടി വിഷയത്തിൽ സംസ്ഥാനതല സാങ്കേതിക ശില്പശാല സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അപ്രകാരം ലഭ്യമായ വിവിധ വകുപ്പുകളുടെ അഭിപ്രായവും സമിതി റിപ്പോർട്ടും സർക്കാർ പരിശോധിച്ചു വരുന്നു.

മണലൂർ നിയോജകമണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് 2011-12 മുതൽ നടപ്പിലാക്കിയ പദ്ധതികൾ

206 (214) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിഷറീസ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ ;

(ബി) 2011-12 മുതൽ നാളിതുവരെ അനുവദിച്ച പദ്ധതികളും ഇവയ്ക്കായി നീക്കിവെച്ച തുകയും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കാമോ ?

ഉത്തരം

(എ&ബി) ഫിഷറീസ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ഇവയ്ക്കായി നീക്കിവച്ച തുകയും അവയുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2011-12 മുതൽ മണലൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും ഇവയ്ക്കായി നീക്കിവച്ച തുകയും അവയുടെ ഇപ്പോഴത്തെ അവസ്ഥയും അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

എയർ കേരള പദ്ധതി

207 (215) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയർ കേരള' പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള പ്രതിബന്ധങ്ങൾ എന്തൊക്കെയാണ് ;

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

(ബി) ഈ പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് എയർ കേരള പദ്ധതി പ്രാബല്യത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി &സി) അന്തർദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA'എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റു കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

208 (216) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി ആകെ എത്ര ഭൂമിയാണ് ഏറ്റെടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് ;

(ബി) ഇതിനോടകം എത്ര ഭൂമി ഏറ്റെടുത്ത് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ അവകാശത്തിലാക്കിയെന്ന വ്യക്തമാക്കുമോ ;

(സി) ഇനിയും എത്ര ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത് ;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി ഇനിയും ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ ഏറ്റെടുക്കൽ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly